# മോൺ. സ്റ്റീഫൻ ഊരാളിൽ

( M. M. Joseph B. A., B. T. )

അഭിവന്ദ്യ കോട്ടയം മെത്രാൻ, ഡോ. തോമസ് തറയിൽ തിരുമനസ്സിലെ മെത്രാഭിഷേക രജതജൂബിലി സ്മാരകമായി പുറത്തിറക്കുന്ന സുവനിയറിൽ, അഭിവന്ദ്യ തിരുമേനിയുടെ ആത്മസുഹൃത്തും, ഭരണമണ്ഡലത്തിൽ കലവറയില്ലാത്ത സേവനപരമ്പരകൾ തിരുമനസ്സിലേയ്ക്കു കാഴ്ചവയ്ക്കുകയും ചെയ്തിട്ടുള്ള പൂജ്യസ്മരണാർഹനായ, മോൺ. സ്റ്റീഫൻ ഊരാളിൽ അവർകളെപ്പററി ഒരു അനുസ്മരണം അസ്ഥാനത്താകുകയില്ലെന്നു വിശ്വസിക്കുന്നു.

1901 മാർച്ചുമാസം 23-ാംനു മോനിപ്പള്ളിയിലെ പ്രശസ്തമായ ഊരാളിൽ കുടുംബത്തിൽ ജനിച്ചു വളർന്ന സ്റ്റീഫൻ, പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കിടങ്ങൂർ സെൻറ് മേരീസ് സ്കൂളിൽ മിഡിൽസ്കൂൾ പഠനവും കഴിഞ്ഞു്, അക്കാലത്തെ ഉന്നതവിദ്യാഭ്യാസമായ സ്കൂൾ ഫൈനൽ പരീക്ഷകൂടി ജയിക്കണമെന്നു് അതിയായി ആഗ്രഹിച്ചെങ്കിലും സാധാരണ സാമ്പത്തിക നിലവാരത്തെ കാര്യമായി അതിക്രമിച്ചിട്ടില്ലായിരുന്ന തൻെറ പിതാവു ചുമ്മാർ അതിനു കൂട്ടാക്കിയില്ല. എന്നാൽ തൻെറ ഭാര്യ അന്നയുടെ നിരന്തരമായ മാദ്ധ്യസ്ഥ്യവും നാട്ടുകാരുടെ സമ്മർദ്ദവും മൂലം വൈമനസ്യത്തോടെയെങ്കിലും ഒടുവിൽ ആ പിതാവു് അതിനു സമ്മതിച്ചു. അങ്ങനെ സ്റ്റീഫൻ മാന്നാനം ഹൈസ്കൂളിൽ നിന്നും പ്രശസ്തമായി സിക്സ്ത്ഫോറവും പാസ്സായി.

സത്പുരുഷൻ ആഗ്രഹിച്ചിരുന്നതുപോലെ തന്നെ വൈദികപഠനത്തിനായി, ആദ്യം കോട്ടയം പെററി സെമ്മിനാരിയിലും തുടർന്നു കാൺഡി പേപ്പൽ സെമ്മിനാരിയിലും ചേർന്നു പഠിച്ചു. 1929-ൽ അവിടെത്തന്നെ തൻെറ പ്രഥമ ദിവ്യബലിയും അർപ്പിച്ചു. തുടർന്നു പ്രശസ്തമാംവിധം Ph. D., D. D. യും കരസ്ഥമാക്കി നാട്ടിൽ തിരിച്ചെത്തിയ ബ. സ്റ്റീഫനച്ചനു് നാട്ടുകാരുടെയും ഇടവകക്കാരുടെയും വകയായി സമുചിതമായ ഒരു സ്വീകരണവും നൽകി.

താമസംവിനാ ബ. സ്റ്റീഫനച്ചൻെറ അനാർഭാടവും സംഭവബഹുലവുമായ ഔദ്യോഗിക ജീവിതമാരംഭിച്ചു. തിരുഹൃദയക്കുന്നുമായി ബന്ധപ്പെട്ട ചില താത്കാലിക ജോലികൾക്കു ശേഷം 1931 മുതൽ 1960 വരെയുള്ള നീണ്ട മുപ്പതു സംവത്സരക്കാലം ചിങ്ങവനം, കിടങ്ങൂർ, കോട്ടയം, കടുത്തുരുത്തി എന്നീ ഹൈസ്കൂളുകളിൽ പ്രഥമാധ്യാപകനായി സേവനമനുഷ്ഠിച്ചതുമെന്യേ, കോട്ടയം മിസത്തിൻെറ വികാരി ജനറൽ, അഡ്മിനിസ്ട്രേറ്റർ എന്നീനിലകളിലും അദ്ദേഹം വിരാജിച്ചു. തൻെറ നിസ്തുല സേവനങ്ങളുടെ അംഗീകാരമായി 1953-ൽ പ. സിംഹാസനത്തിൽനിന്നും "പേപ്പൽ ചേംബർലെയിൻ" എന്ന ബഹുമതിയും അദ്ദേഹത്തിനു നൽകി.

1960-ൽ കടുത്തുരുത്തി ഹൈസ്കൂളിൽനിന്നും വിരമിച്ചശേഷം ആദ്യമായി "നീണ്ട" മൂന്നാഴ്ചയോളം സ്വന്ത ഇടവകയായ മോനിപ്പള്ളിയിൽ വിശ്രമിക്കയും തുടർന്നു പൂർണ്ണവിശ്രമത്തിനായി — "ചോരനപഹരിക്കാത്ത ശാശ്വതശാന്തിധന"ത്തിനു വേണ്ടി 1960 നവംബർ 15-ാംനു യാത്രയാരംഭിക്കയും ചെയ്തു. 23-ാംനു കാസിപ്പെട്ടിൽ സെൻറു് ഗബ്രിയേൽ സന്യാസസമൂഹാശ്രമത്തിൽ എത്തി. 27-ാംനു വൈകിട്ടു നിത്യ വിശ്രമംകൊണ്ട ആ കർമ്മനിരതൻെറ—മോൺ. സ്റ്റീഫൻ ഊരാളിൽ അവർകളുടെ—നിശ്ശബ്ദമെങ്കിലും നിസ്തുലവും നിസ്തന്ദ്രവുമായ സേവനപരമ്പരകളിൽക്കൂടി ആദർശനിഷ്ഠയാൽ ആനീതമായ ജീവിതപീഠികയിലേക്കു് ഒന്നു തിരിഞ്ഞുനോക്കിക്കൊള്ളട്ടെ.

പെ. ബ. മോൺസിഞ്ഞോർ തിരുഹൃദയക്കുന്നു ഹൈസ്കൂൾ ബോർഡിംഗ് റെക്ടറായിരുന്ന കാലത്തെ ഒരു സംഭവം മററു പലതിനോടുമൊപ്പം ഞാൻ അനുസ്മരിച്ചുപോകുകയാണു്. അന്നു ഞാൻ ബോർഡിംഗിൽ താമസിച്ചു പഠിക്കുകയാണു്. ഞങ്ങൾ ഏതാനും ബീഡി വലിക്കാരെപ്പററി അന്നത്തെ പ്രീഫെക്ററ് ബ. റെക്ടറച്ചൻെറ പക്കൽ ഒരു കേസ് ഫയൽചെയ്തു. ഒന്നാം പ്രതി ഒരു മി. ജോണിനെ തിരക്കിയപ്പോൾ അയാൾ സ്ഥലത്തില്ലാതിരുന്നതിനാൽ ബ. അച്ചൻെറ കൈവശമുണ്ടായിരുന്ന താക്കോൽക്കൂട്ടംകൊണ്ടു് ജോണിൻെറ അസാന്നിദ്ധ്യത്തിൽ തന്നെ അയാളുടെ പെട്ടി തുറന്നു, ഒരു കെട്ടു ബീഡി തൊണ്ടിയായി എടുത്തു. ഉച്ചകഴിഞ്ഞുള്ള പഠന സമയത്തു ഞങ്ങൾ നാലു പേരേയും ഹാളിൻെറ മധ്യഭാഗത്തേക്കാനയിച്ചു. ആദ്യമായി ജോണിനെ വിളിച്ചു. ജോൺ ഒരു പത്രിക സമർപ്പിച്ചു. "അച്ചൻ എൻെറ പെട്ടി തുറന്നതായി കേട്ടു. അതിൽ വച്ചിരുന്ന ഇരുപത്തിയഞ്ചു രൂപാ ഇപ്പോൾ കാണ്മാനില്ല" എന്നു്. പ്രതികരണമോ? സുന്ദരൻ നാലെണ്ണം—ചൂരൽപ്രയോഗം. ഗൽഗദത്തോടെ ജോൺ പത്രിക പിൻവലിച്ചു കുററം സമ്മതിച്ചു. അടുത്തതായി രണ്ടാം പ്രതി എന്നെ വിളിച്ചു. "നിനക്കു പരാതി വല്ലതുമുണ്ടോ'? എന്നു് കിനുകിന ശബ്ദം

---

വ്യക്തിത്വത്തെ (personality) ബഹുമാനിച്ചുകൊണ്ടു് അവർക്കു പറയുവാനുള്ളതെല്ലാം ക്ഷമാപൂർവ്വം കേട്ടു്, അവരെക്കൊണ്ടുതന്നെ തെററുകൾ കണ്ടുപിടിപ്പിക്കുകയും പ്രതിവിധി ചെയ്യിക്കുകയുമാണു് പ്രശ്നപരിഹാരത്തിനു് അദ്ദേഹം ഉപയോഗിച്ചിരുന്ന മാർഗ്ഗം.

അഭിവന്ദ്യ പിതാവിൻെറ ജൂബിലി ആഘോഷിക്കുന്ന ഇത്തരുണത്തിൽ രൂപതയ്ക്കും അദ്ദേഹത്തിനും പ്രശസ്തമായി സേവനമനുഷ്ഠിച്ചവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും, ജൂബിലേറിയനു് എന്നതുപോലെ അവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും, അവരെ വിജയ പഥത്തിൽ എത്തിച്ച ഗുണഗണങ്ങൾ അനുകരിക്കുകയുമാണു് നമുക്കു് കരണീയമായിട്ടുള്ളതു്.

തെല്ലൊന്നാക്രോശിച്ചു. എന്റെമേൽ അദ്ദേഹത്തിനു സർവാധിപത്യം ഉണ്ടെന്ന്, അദ്ദേഹത്തെപ്പോലെതന്നെ എനിക്കും അറിയാമായിരുന്നതുകൊണ്ട് ''യാതൊന്നുമില്ല'' എന്നു വിനീത, ദയനീയ, സമ്മിശ്രസ്വരത്തിൽ ബോധിപ്പിച്ചു, ഫലമോ ഇടതുകൈകൊണ്ടുള്ള കലർപ്പില്ലാത്ത ചൂരൽ പ്രയോഗം അര ഡസൻ. അടി അസ്സലായിരുന്നു എന്ന് ഇന്നും ഓർമ്മിക്കുന്നു. മൂന്നും നാലും പ്രതികൾക്കു മാസത്തടവേ ശിക്ഷ നൽകിയുള്ളു. രണ്ടു ദിവസം കഴിഞ്ഞ് എന്നെ മുറിയിൽ വിളിച്ചു പുഞ്ചിരിയോടുകൂടി പറഞ്ഞു. ജോണിനോടുള്ള അരിശം നിന്നോടാണു തീർത്തത്. അല്ലേ? ഞാ—സാരമില്ല. പക്ഷേ അന്നു മുതൽ 1947 വരെ വെറുപ്പോടും വിമർശനബുദ്ധിയോടുംകൂടി മാത്രമാണു ഞാനദ്ദേഹത്തെ വീക്ഷിച്ചിരുന്നത്.

എന്നാൽ 1947-ൽ ഒരു ദിവസം മാത്രമാണ് എനിക്ക് അദ്ദേഹത്തെ കാണാൻ കഴിഞ്ഞത്. അദ്ദേഹത്തെക്കൊണ്ടു മാത്രം സാധിക്കാവുന്ന ഒരുകാര്യത്തിനുവേണ്ടി തിരുഹൃദയക്കുന്നു സ്കൂളിൽ ചെന്നു ഞാനദ്ദേഹത്തെ കണ്ടു. എന്റെ കൂടെ വരാമെന്നു സസന്തോഷം സമ്മതിച്ചു. എന്റെ കാര്യം വളരെ ഗൗരവമുള്ളതായിരുന്നതുകൊണ്ടും അദ്ദേഹത്തിനു പീരിയഡില്ലാതിരുന്നതുകൊണ്ടും മൂന്നേമുക്കാൽ മണി കഴിഞ്ഞപ്പോൾ ''എന്നാൽ ഇനി നമുക്കു പോകാം'' എന്നു ഞാനൊന്നു സൂചിപ്പിച്ചുപോയി. മറുപടിയോ? അല്പം പരുഷഭാവത്തിൽ ''No No, duty first'' 4. 15-നു മാത്രമാണു ഞങ്ങൾ പോയത്. എന്നാൽ സ്കൂളിൽനിന്നും തിരിച്ചശേഷം മട്ടു മാറി. എന്റെ കാര്യത്തിൽ എന്നേക്കാൾ താൽപ്പര്യവും ത്യാഗമനഃസ്ഥിതിയും അദ്ദേഹത്തിനായിരുന്നു, അന്നും ഉദരരോഗിയായിരുന്നെങ്കിലും, അധിക ദൂരവും ഞങ്ങൾ നടക്കുകയായിരുന്നു; കാര്യവും സാധിച്ചുതന്നു.

അങ്ങനെ 1947 മുതൽ ഞാൻ ബോധവാനായി, നിഷ്പക്ഷമായി അദ്ദേഹത്തെ ഞാൻ നിരീക്ഷിക്കുവാൻ തുടങ്ങി. എന്റെ അല്പബുദ്ധിയെപ്പററി എനിക്കുതന്നെ പുച്ഛം തോന്നി. നേരത്തെ നിവൃത്തിയുണ്ടെങ്കിൽ അദ്ദേഹത്തെ കാണാതെ ഒഴിഞ്ഞുമാറി നടന്നിരുന്ന ഞാൻ കിട്ടുന്ന അവസരങ്ങൾ പാഴാക്കാതെ അദ്ദേഹവുമായി സംസാരിച്ചിരുന്നു. എത്രകണ്ടു അടുത്തു പെരുമാറിയിരുന്നുവോ അത്രകണ്ട് ആ മഹാന്റെ മഹത്വവും ശാന്തിയും ശാലീനതയും സർവോപരി നൈർമ്മല്യവും ഒന്നിനൊന്നു തെളിഞ്ഞു കണ്ടു. 1947-നു ശേഷം അദ്ദേഹത്തെ കാണുമ്പോഴും സ്മരിക്കുമ്പോഴും എനിക്കു കിട്ടിയ ആ ഈടേറിയ അടികളും ''No No duty first''-ം ആലോചനാമൃതങ്ങളായി അനുഭവപ്പെട്ടു.

1960 വരെ തന്റെ മാതാപിതാക്കളുടെ സ്മരണദിവസങ്ങളിലും, മോനിപ്പള്ളിപ്പള്ളിയുടെ പ്രധാന തിരുനാൾ ദിവസവും മററുമല്ലാതെ ആ മനുഷ്യനെ മോനിപ്പള്ളിയിൽ കണ്ടിട്ടില്ല. അതും ആ ഒരു ദിവസത്തേക്കു മാത്രം. കടുത്തുരുത്തിയിൽനിന്നും വിടവാങ്ങിയ ശേഷം മാത്രമാണു തന്റെ വീട്ടുകാരോടും നാട്ടുകാരോടുമൊത്തു ഏതാനും ദിവസം മോനിപ്പള്ളിയിൽ അദ്ദേഹം താമസിച്ചിട്ടുള്ളത്. തന്റെ അന്ത്യനിമിഷങ്ങൾ തന്നെ മാടിവിളിച്ചു സമീപിച്ചുകൊണ്ടിരുന്ന ആ വൈകിയ വേളയിലെങ്കിലും, തനിക്ക് അദൃശ്യപ്രചോദനം നൽകിയിരുന്ന ആ പരാശക്തി തന്നെ അദ്ദേഹത്തെക്കൊണ്ടു ആ ഡ്യൂട്ടിയും നിർവഹിപ്പിച്ചു എന്നു സന്ന്യായം പറയാം.

പിന്നീടു ഡ്യൂട്ടികളുടെ തുരുതുരെയുള്ള ഒരു പ്രവാഹമാണു നടക്കുന്നത്. താൻ സ്വൈരമായി കുറച്ചുകാലം വിശ്രമിക്കുവാൻ ആഗ്രഹിക്കുന്നു എന്ന വിവരമറിഞ്ഞ തന്റെ ജീവിതസർവസ്വമായ ബ. പീററച്ചന്റെ ക്ഷണം അദ്ദേഹം നിരസിക്കുകയാണുണ്ടായത്. കൊച്ചുകുട്ടികൾ മധുരപദാർത്ഥങ്ങളുടെ നേരേ നോക്കുന്നതുപോലെയായിരുന്നു അദ്ദേഹം പീററച്ചനെ വീക്ഷിച്ചിരുന്നത്. ''ആ പലഹാരം'' കണ്ടുകൊണ്ടിരുന്നു. നേരേ പൊവ്വേ മരിക്കുവാൻ പററുമോ? അദ്ദേഹവും മനുഷ്യനല്ലേ? ഈ ഘട്ടത്തിൽ ദൈവം തന്റെ ഡ്യൂട്ടി അല്പമൊന്നു പ്രയോഗിച്ചു. വിശ്രമത്തിനായി, വിദൂരമായ വേറൊരു സ്ഥലത്തേക്കാണു പെ ബ. മോൺ. അവർകൾ പോകുന്നത്. നിയതിയുടെ നീതി! അതർഹിക്കുന്നിടത്തു പരിപാവനമായ പരിലാളനം, അദൃശ്യമായ,—അനർഗ്ഗളമായ അനുഗ്രഹപ്രവാഹം. അതാർക്കും തടസ്സപ്പെടുത്തുവാൻ സാദ്ധ്യമല്ലല്ലൊ. നീണ്ട മുപ്പതിൽപ്പരം വർഷങ്ങൾ തുടർച്ചയായി ഉത്തരവാദിത്വവും കടമയും ജീവിതവ്രതമായി സ്വീകരിച്ചിരുന്ന ആ സുകൃതീന്ദ്രനെക്കൊണ്ടു തന്റെ ശേഷിച്ചിരിക്കുന്ന എണ്ണപ്പെട്ട ദിവസങ്ങളിലും തന്റെ ഡ്യൂട്ടി ചെയ്യാതിരിക്കുകയില്ലല്ലൊ. വീട്ടിലും നാട്ടിലും നിന്നകന്നു തന്റെ ജീവന്റെ ജീവനായ ബ. പീററച്ചനിൽനിന്നുപോലും വിദൂരത്തിൽ സമാധാനപരമായി തന്റെ അന്ത്യ നിമിഷങ്ങളോടു മല്ലിടുവാൻ, ആ വാനമ്പാടി, അറിയാതെ ആഞ്ഞുപറക്കുകയാണ്. അതെ 1960 നവംബർ 15-ാംനു- മോനിപ്പള്ളിയിൽനിന്നും യാത്രയാരംഭിച്ചു 23-ാനു- കാസിപ്പെട്ടിൽ എത്തി 24-ാംനു- തന്നെ മരണവുമായുള്ള മൽപ്പിടുത്തത്തിനു തുടക്കമിട്ടു. 27-ാംനു- യുടെ അന്ത്യയാമത്തോടടുത്തു ''I am reaady for Heaven'' എന്ന അവസാനത്തെ കുയിൽനാദം ഉച്ചരിച്ചുകൊണ്ട് വിജയശ്രീലാളിതനായി, കാസിപ്പെട്ടിൽ മൺമറഞ്ഞു. 1961 നവംബർ 27-ാംനു- തന്റെ വാത്സല്യനിധിയായ ബ. പീററച്ചനാൽ പരിസേവിതനായി, രാജോചിതമായ പരവേല്ലോടുകൂടി സ്വന്ത ഇടവകയായ മോനിപ്പള്ളി തിരുഹൃദയപ്പള്ളിക്കുള്ളിൽ നിത്യവിശ്രമംകൊള്ളുന്ന ആ കർമ്മനിരതൻ സ്വന്തക്കാർക്കും ബന്ധുക്കൾക്കുമായി കൈതുറന്നു നൽകിയ സംഭാവനയുടെ പട്ടികയറിയണമോ? പറയാം. അനാർഭാടമായ തപോദീക്ഷയും ചുമതലാബോധവും സർവോപരി ലാളിത്യം തുളുമ്പുന്ന—മേൽച്ചൊടി തെല്ലൊന്നുന്തി നിൽക്കുന്ന—കേവലമായ ആ പുഞ്ചിരിയും മാത്രമാണത്. നാട്ടുകാർക്കൊ? തന്റെ ജീവിതസമ്പാദ്യമത്രയും പൊതുജനോപകാരപ്രദമായ ഒരു സ്ഥാപനത്തിനുവേണ്ടി—ഒരു ആശുപത്രിക്ക്— അതാണ് ഇന്നു മോനിപ്പള്ളിയിൽ കാണുന്ന എ . യു. എം. ആശുപത്രി. എന്നാൽ ആ സ്ഥാപനം ഒന്നു നേരിട്ടുകാണുവാൻ ദൈവം അദ്ദേഹത്തിനവസരം കൊടുത്തില്ലെങ്കിൽ ആയത് ആ പരാശക്തിയുടെ ഒരു ഡ്യൂട്ടി മാത്രമാകുന്നു.

അപ്രകാരം കടുത്തുരുത്തിയിൽ ആരംഭിച്ച അദ്ധ്യാപകവൃത്തി കടുത്തുരുത്തിയിൽത്തന്നെ അവസാനിപ്പിച്ചു. എല്ലാ കടമകളും നിറവേററിയ ശേഷം ''ഞാനി

# മോൺ. ജോസഫ് മാക്കീൽ

( Rev. Fr. Thomas Theranthanam B. A., B. T. )

ഇതു് ഒരു പുതിയ പരിവേഷമല്ല. കോട്ടയം രൂപതയിൽ ഇതിനു മുമ്പും മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കപ്പെട്ടിട്ടുണ്ടു്. അതു് 1939–ൽ ആയിരുന്നു. അന്നു പ്രഗത്ഭമായി രൂപത ഭരിച്ചുകൊണ്ടിരുന്ന ചൂളപ്പറമ്പിൽ തിരുമേനിയുടെ രജതജൂബിലിയും ആഡംബരപൂർവ്വം ആഘോഷിക്കുകയുണ്ടായി. ഭക്തിനിർഭരവും വർണ്ണശബളവുമായ ആ പരിപാടികളുടെ 'ശബ്ദവും പ്രകാശവും' മായാതെ നിൽപ്പുണ്ടു് ഇപ്പോഴും ഈ അന്തരീക്ഷത്തിൽ. അതോടനുബന്ധിച്ചാണു് തിരുമേനി ബഹുമാനപ്പെട്ട വലിയ കുഞ്ഞേപ്പച്ചനു് മോൺസിഞ്ഞോർ സ്ഥാനം നൽകിയതു്. ആ തുറൈക്കനീട്ടത്തിൽ ആഹ്ളാദിക്കാത്തവരും അനുമോദിക്കാത്തവരും ആരും തന്നെ ഉണ്ടായിരുന്നില്ല. വലിയ കുഞ്ഞേപ്പച്ചനെ സംബന്ധിച്ചിടത്തോളം അതു് ഒരു അനുഗ്രഹവും അംഗീകാരവുമായിരുന്നു. കടന്നുപോന്ന എഴുപത്തഞ്ചു വർഷങ്ങളുടെ സാഫല്യമായിരുന്നു ആ പദവി. എല്ലാററിനുമുപരി അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയുടെ നിറഞ്ഞ മനസ്സിൻേറയും സൂക്ഷ്മവീക്ഷണത്തിൻേറയും പ്രതിഫലനവും.

ബഹുമാനപ്പെട്ട മോൺസിഞ്ഞോർ അച്ചൻെറ ജീവിതത്തിലെ ചോട്ടം ചാലം തിരഞ്ഞുപോയാൽ നാം ചെന്നു നിൽക്കുന്നതു് കോട്ടയം രൂപതയിലെ മഹത്വമേറിയ പുരാതന കുടുംബങ്ങളിലൊന്നായ 'മാക്കീൽ' തറവാട്ടിലാണു്. അനേകം വൈദികരേയും കന്യാസ്ത്രീകളേയും തിരുസഭാ മാതാവിനു സംഭാവന ചെയ്യുവാനുള്ള മാഗ്യം ഈ കുടുംബത്തിനു കരച്ചൊന്നുമല്ല ഉണ്ടായിട്ടുള്ളതു്. കേരളത്തിലെ പ്രഥമ നാട്ടുമെത്രാന്മാരിലൊരാളും കോട്ടയം രൂപതയുടെ ആദ്യത്തെ മെത്രാനുമായ മാക്കീൽ മത്തായി മെത്രാൻ ഈ കുടുംബത്തിലാണു ജനിച്ചതു്. അദ്ദേഹത്തിൻെറ ഇളയ സഹോദരനായിരുന്നു മോൺ. ജോസഫ് മാക്കീൽ. അവിടുന്നു 1864 നവംബർ 15–ാംനു ഭൂജാതനായി.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു തിരിഞ്ഞതു് വൈദികപഠനത്തിലേക്കാണു്. 1888 നവംബർ 22–ാം തീയതി റോമിലെ ഉർബാൻ കോളേജിൽ ചേർന്നു ഒമ്പതുവർഷത്തെ പഠനം പൂർത്തിയാക്കി അദ്ദേഹം 1897 ഏപ്രിൽ 17–ാം തീയതി ദുഃഖശനിയാഴ്ച കുർബാനപ്പട്ടം സ്വീകരിച്ചു. പിറേറ ദിവസം ഉയിർപ്പുതിരുനാളിൽ 'ഏശു' എന്ന പള്ളിയിൽ വി. ശൗരിയാർ പുണ്യവാൻെറ അൾത്താരയിൽ അദ്ദേഹം പ്രഥമബലി അർപ്പിച്ചു. ആ കാലഘട്ടത്തിനു് മറെറാരു മേന്മകൂടിയുണ്ടായിരുന്നു. വി. കൊച്ചുത്രേസ്യാ ലിസ്യൂ കർമ്മലീത്താ മഠത്തിൽ ജീവിച്ച ഒമ്പതു വർഷങ്ങളിൽ തന്നെയാണു് മോൺസിഞ്ഞോർ റോമിൽ പഠിച്ചുകൊണ്ടിരുന്നതു്. അതുകൊണ്ടു് പലപ്പോഴും അദ്ദേഹം ''ഞങ്ങൾ സമകാലീനരാണു്'' എന്നു് അഭിമാനാദരങ്ങളോടെ അനുസ്മരിക്കാറുണ്ടായിരുന്നു. മാത്രമല്ല ആ പുണ്യവതി ''ഞാൻ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും വേണ്ടി പ്രാർത്ഥിക്കാൻപോവുകയാണു്'' എന്നു പറഞ്ഞു മഠത്തിൽ പ്രവേശിക്കുകയും തപസ്സിൽ മുഴുകുകയുമായിരുന്നു. ആ പ്രാർത്ഥനയുടെ ഫലം ഒരു വൈദിക വിദ്യാർത്ഥിയായ തനിക്കും ലഭിച്ചിട്ടുണ്ടു് എന്നു് അദ്ദേഹം ഹൃദയപൂർവ്വം വിശ്വസിക്കുയും ചെയ്തിരുന്നു. അതുകൊണ്ടു കൂടെയായിരുന്നു ആ പുണ്യവതിയിൽ അദ്ദേഹത്തിനു ഏറിയ ഭക്തിയും വിശ്വാസവും ഉണ്ടായിരുന്നതും, അദ്ദേഹം പിന്നീടു പണിയിച്ച പള്ളിക്കു് വി. കൊച്ചുത്രേസ്യായുടെ ''മകുടാലയം'' എന്നു പേരു വിളിച്ചതും.

നാട്ടിൽ തിരിച്ചെത്തിയ മോൺസിഞ്ഞോർ രൂപതയിലെ പല പള്ളികളിലും വികാരിയായിരുന്നിട്ടുണ്ടു്. കൈപ്പുഴ, നീണ്ടൂർ, കുമരകം, കൂടല്ലൂർ, കടുത്തുരുത്തി എന്നിവയാണു് അവയിൽ പ്രധാനപ്പെട്ടവ. കൂടാതെ കൊച്ചി രൂപതയിൽ അത്തുങ്കൽ, കാട്ടൂർ, പൂങ്കാവ് എന്നീ പള്ളികളിലും സ്തുത്യർഹമാംവിധം ജോലി ചെയ്തിട്ടുണ്ടു്. എവിടെ ആയിരുന്നാലും കുറെ കാര്യങ്ങൾ പിന്നാലെ വരുന്ന കാലഘട്ടങ്ങൾക്കു് കൈവണങ്ങി നിൽക്കത്തക്കവണ്ണം പടുത്തുയർത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇന്നും നടന്നുവരുന്ന കൈപ്പുഴപള്ളിയിലെ ധ്യാനവും വണക്കമാസപ്പെരുന്നാ

---

ചെയ്തതുപോലെ നിങ്ങളും ചെയ്യുവിൻ'' എന്ന ചുറ്റെഴുത്തും ഈടുററ കഴിവുകളുമുള്ള തൻെറ രണ്ടനന്തരവരോടും നാട്ടുകാരോടും വീട്ടുകാരോടും മൂകഭാഷയിൽ അനുശാസിച്ചുകൊണ്ടു മോനിപ്പള്ളി പള്ളിയകത്തു അനന്തവിശ്രമംകൊള്ളുന്ന ആ പുണ്യശ്ലോകനെ സമുദായത്തിനു—നാടിനു—വിശിഷ്യ മോനിപ്പള്ളി നിവാസികൾക്കു നമ്രശിരസ്കരായി കൂപ്പുകൈകളോടുകൂടി മാത്രമേ അനുസ്മരിക്കുവാൻ സാധിക്കുകയുള്ള തീർച്ച.

അവസാനമായി ഒരു ഒരു കാര്യംകൂടി. 1961 നവംബർ 27–ാംനു ശിലാസ്ഥാപനകർമ്മം നിർവഹിച്ച പടുത്തുയർത്തപ്പെട്ട എം. യു. എം. ആശുപത്രി അടുത്ത കാലം വരെ കാര്യമായ വികസനത്തിനു് അവസരം കിട്ടിയിരുന്നില്ലെങ്കിലും ദൈവാനുഗ്രഹത്താൽ ആസ്ഥാപനത്തിൻെറയും നല്ലകാലം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണു്. അഭിവന്ദ്യ ജൂബിലിയേറിയൻ തിരുമനസ്സിലെ വിശാലഹസ്തങ്ങളിൽ അതിപ്പോൾ സുരക്ഷിതമാണു്. ആ സ്ഥാപനം അഭിവൃദ്ധിപ്പെട്ടു തുടങ്ങിയിരിക്കുന്നു. അനതിവിദൂര ഭാവിയിൽ എം. യു. എം. ആശുപത്രിയുടെ തികവിൽ തൻെറ ഡ്യൂട്ടിക്കു മകുടം ചാർത്തിയതു കണ്ടു കാണ്ടിസെമ്മിനാരിയിലെ ഗായക സംഘത്തോടൊന്നിച്ചെന്നപോലെ സ്വർഗ്ഗീയ ഗായകസംഘത്തോടു ചേർന്നു, പെ. ബ. മോൺ. ഊരാളിൽ അവർകൾ ഒരു ഒന്നാംതരം ഗാനമേള തന്നെ നടത്തുമെന്നു നമുക്കഭിമാനിക്കാം.